**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5347** **15-03-2023 - ൽ മറുപടിയ്ക്ക്**

**ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിൽ കാർഷിക ഉത്പാദന കമ്മീഷണർ ചെയർമാനും അഗ്രിക്കൾച്ചറൽ സെക്രട്ടറി വൈസ് ചെയർമാനുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം 2015-ന് ശേഷം ചേർന്നിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ചേരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കൃഷി വകുപ്പിന്റെ അധീനതയിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനും ബഹു. കൂത്തുപറമ്പ് എം. എൽ. എ.യുടെ സാന്നിദ്ധ്യത്തിൽ 27/07/2022-നും, ടി യോഗനടപടികളിലെ പുരോഗതി വിലയിരുത്തുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി 01.11.2022ന് കൃഷി വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലും യോഗങ്ങൾ ചേർന്നിരുന്നു. 2023ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ചേരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സെന്ററിൽ എം.എൽ.എ. അദ്ധ്യക്ഷനും എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായ ഉപദേശകസമിതി യോഗം ഇക്കാലയളവിൽ ചേർന്നിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ചേരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കൃഷി വകുപ്പിന്റെ അധീനതയിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനും ബഹു. കൂത്തുപറമ്പ് എം. എൽ. എ.യുടെ സാന്നിദ്ധ്യത്തിൽ 27/07/2022-നും, ടി യോഗനടപടികളിലെ പുരോഗതി വിലയിരുത്തുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി 01.11.2022ന് കൃഷി വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലും യോഗങ്ങൾ ചേർന്നിരുന്നു. 2023ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ചേരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പ്രസ്തുത സെന്ററിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ